സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

March 2025
Vol. 1 Issue 3 pages 39-43

പാലൈ
PALAI பாலை
ISSN No: 3049-0316

# "ലെവൽ ക്രോസ്" മനുഷ്യ മനസ്സിന്റെ ആഴങ്ങളിലേക്കുള്ള യാത്ര: ഒരു ചലച്ചിത്രപരിശോധന



**അനു ജയൻ***

**സംഗ്രഹം**

മലയാള സിനിമ അതിന്റെ ഏറ്റവും വലിയ വളർച്ചയിൽ എത്തിനിൽക്കുന്ന കാലഘട്ടമാണിത്. ഭാഷയുടെ അതിർവരമ്പുകൾ ഭേദിച്ച് മലയാള സിനിമ കുതിക്കുകയാണ്. പല പരീക്ഷണ ചിത്രങ്ങളും അടുത്തിടെയായി പുറത്ത് വന്നിരുന്നു. ആ കൂട്ടത്തിൽ ഏറ്റവും എടുത്തു പറയേണ്ട ചിത്രമാണ് സൈക്കോളജിക്കൽ ത്രില്ലർ വിഭാഗത്തിൽപ്പെടുന്ന ലെവൽ ക്രോസ്. 2024-ൽ പുറത്തിറങ്ങിയ ഈ ചിത്രം സംവിധാനം ചെയ്തിരിക്കുന്നത് അർഫാസ് അയൂബാണ്. ടുണീഷ്യയിൽ ചിത്രീകരിച്ചിരിക്കുന്ന സിനിമയിൽ ആസിഫ് അലി, അമല പോൾ, ഷറഫുദ്ദീൻ എന്നിവരാണ് കേന്ദ്രകഥാപാത്രങ്ങളെ അവതരിപ്പിച്ചിരിക്കുന്നത്. സ്ലോ-ബേൺ, സൈക്കോളജിക്കൽ രീതിയിൽ കഥ പറയുന്ന ചിത്രം മറ്റ് സൈക്കോളജിക്കൽ ത്രില്ലർ സിനിമകളിൽ നിന്നും വ്യത്യസ്തത പുലർത്തുന്നു. ഏകാന്തവും, ജീർണ്ണവുമായ, നാഗരികതയിൽ നിന്ന് വളരെ അകലെയുള്ള ഒരു ലെവൽ ക്രോസിലാണ് ലെവൽ ക്രോസ് വികസിക്കുന്നത്. ലെവൽ ക്രോസ് ഒരു പരമ്പരാഗത എന്റർടെയ്നർ അല്ല; മാനസിക സങ്കീർണ്ണതകളിലേക്ക് ആഴ്ന്നിറങ്ങുന്ന ഒരു സിനിമയാണിത്. ജയദേവൻ ചക്കടത്തിന്റെ ശബ്ദരൂപകൽപ്പനയും വിശാൽ ചന്ദ്രശേഖറിന്റെ സംഗീതവും ചിത്രത്തിന്റെ വേട്ടയാടുന്ന അന്തരീക്ഷത്തെ സമ്പന്നമാക്കുന്നു. ലിജു പ്രഭാകറിന്റെ കളറിംഗ്, ദീപു ജോസഫിന്റെ എഡിറ്റിംഗ്, അപ്പു പ്രഭാകറിന്റെ ഛായാഗ്രഹണം എന്നിവയുമായി സാങ്കേതികമികവ് തുടരുന്നു, ഇവയെല്ലാം സംയോജിപ്പിച്ച് ദൃശ്യപരവും കേൾവിപരവുമായ ഒരു അനുഭവം സൃഷ്ടിക്കുന്നു. സിനിമയുടെ കാതലായ അവ്യക്തത സത്യത്തിന്റെ സ്വഭാവത്തെക്കുറിച്ചും കഥാപാത്രങ്ങളുടെ ധാരണകളുടെ വിശ്വാസ്യതയെക്കുറിച്ചും കൗതുകകരമായ ചോദ്യങ്ങൾ ഉയർത്തുന്നു.

**താക്കോൽ വാക്കുകൾ:** ലെവൽ ക്രോസ് - മലയാള സിനിമ - സൈക്കോളജിക്കൽ ത്രില്ലർ - മാജിക്കൽ റിയലിസം - റാഷമോൺ ഇഫക്ട് - സിംബോളിസം - ടുണീഷ്യ - ആസിഫ് അലി - അമല പോൾ

* അസിസ്റ്റന്റ് പ്രൊഫസർ, സഹൃദയ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, കൊടകര.
Email id: anujayan98@gmail.com, Phone: 7012549490

 ISSN No: 3049-0316 

**കഥാസംഗ്രഹം**

ഒരു സാങ്കൽപ്പിക ലോകത്താണ് ലെവൽ ക്രോസിംഗിന്റെ കഥ പുരോഗമിക്കുന്നത്. മരുഭൂമിയിൽ ഒരു ലെവൽ ക്രോസിംഗിന്റെ ഗേറ്റ് കീപ്പറായി ഒറ്റയ്ക്ക് താമസിക്കുന്ന ഒരു പുരുഷനിലൂടെയാണ് സിനിമ ആരംഭിക്കുന്നത്. ഒരു വിദൂരവീട്ടിൽ ഒറ്റയ്ക്ക് താമസിക്കുന്ന അയാളുടെ ജീവിതത്തിലേക്ക് ഒരു സ്ത്രീ കടന്നു വരികയാണ്. ട്രെയിനിൽ നിന്ന് വീണുപോയെന്ന് അവകാശപ്പെടുന്ന ചൈതാലി എന്ന യുവതിയെ, രഘു എന്ന് സ്വയം പരിചയപ്പെടുത്തുന്ന ആ പുരുഷൻ പരിചരിക്കുകയും സംരക്ഷിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. മറ്റ് മാർഗമില്ലാതെ അവൾ രാത്രി രഘുവിന്റെ വീട്ടിൽ തങ്ങുന്നു. പിറ്റേന്ന് രാവിലെ, റെയിൽവേ അധികൃതരെ ബന്ധപ്പെടാൻ രഘു വാഗ്ദാനം ചെയ്തപ്പോൾ അവൾ രഘുവിനെ തടയുന്നു. തുടർന്ന് ഇരുവരുടെയും സംഭാഷണങ്ങളിലൂടെയും പഴയ കാല ഓർമ്മകളിലൂടെയുമാണ് ചിത്രം മുന്നോട്ടു നീങ്ങുന്നത്.

ചൈതാലി എന്ന ഒരു മനോരോഗവിദഗ്ധയാണെന്ന് സ്വയം പരിചയപ്പെടുത്തിക്കൊണ്ട്, അവൾ തന്റെ പ്രശ്നഭരിതമായ ഭൂതകാലവും സിഞ്ചോ എന്ന പുരുഷനുമായുള്ള വിവാഹവും വിവരിക്കാൻ തുടങ്ങുന്നു. ആദ്യ ഭാര്യയുടെ ആത്മഹത്യയ്ക്ക് ശേഷം സിഞ്ചോ ചികിത്സ തേടിയിരുന്നതായി ചൈതാലി വിശദീകരിക്കുന്നു. അവർ പ്രണയത്തിലായി, വിവാഹം കഴിച്ചു, എന്നാൽ പിന്നീട് സിഞ്ചോ ലഹരിവസ്തുക്കളുടെ ദുരുപയോഗവുമായി മല്ലിടുകയും മോശമായി പെരുമാറുകയും ചെയ്തുവെന്ന് അവൾ കണ്ടെത്തുന്നു. അവനെ ഒരു മാനസികാരോഗ്യ കേന്ദ്രത്തിൽ പ്രവേശിപ്പിക്കുന്നു. രക്ഷപ്പെടാൻ വേണ്ടി അയാൾ മാനസികാരോഗ്യ കേന്ദ്രത്തിലെ മേട്രനെ കൊലപ്പെടുത്തുന്നു. സിഞ്ചോയുടെ ആദ്യ ഭാര്യയെ അയാൾ കൊലപ്പെടുത്തിയതാണെന്ന് ഇതിനിടയിൽ ചൈതാലി തിരിച്ചറിയുന്നു. സിഞ്ചോ ചൈതാലിയെ ട്രെയിനിൽ ദൂരയാത്ര കൊണ്ടുപോകുന്നു. സിഞ്ചോ തന്നെയും കൊലപ്പെടുത്തും എന്ന് തിരിച്ചറിയുന്ന ചൈതാലി ട്രെയിനിൽനിന്നു ചാടുന്നു.

ചൈതാലിയുടെ കഥ കേൾക്കുന്ന രഘു അവളെ സംരക്ഷിക്കുവാൻ തയ്യാറാവുകയാണ്. രഘു ചൈതാലിയുടെ കൂട്ടുകെട്ടിൽ സന്തോഷം കണ്ടെത്തുന്നു. ഇരുവർക്കും ഇടയിൽ പരസ്പര വിശ്വാസം വർധിക്കുകയും ചെയ്യുന്നു. ഇതിനിടയിൽ, വീടിനുള്ളിൽ നിന്നും രഘുവിന്റെ വ്യക്തിത്വത്തെ പോലും ചോദ്യം ചെയ്യുന്ന തരത്തിലുള്ള ചില തെളിവുകൾ ചൈതാലിക്ക് ലഭിക്കുന്നു. ആ സംഘർഷ അവസരത്തിലാണ് രഘു തന്റെ ഭൂതകാലം ചൈതാലിയോട് വിവരിക്കുന്നത്.

നാട്ടിൻപുറത്ത് ജീവിക്കുന്ന സാധാരണക്കാരനാണ് അയാൾ. അമ്മയോടൊപ്പമാണ് രഘു വളർന്നത്. രഘുവിന് എല്ലാം തന്റെ അമ്മയായിരുന്നു. അമ്മയുടെ നിർബന്ധപ്രകാരം രഘു വിവാഹിതനാകുന്നു. അമ്മയുടെ മരണശേഷവും രഘു തന്റെ ഭാര്യയുടെയും മക്കളുടെയും ഒപ്പം സന്തോഷമായി ജീവിക്കുന്നു. എന്നാൽ ഒരവസരത്തിൽ രഘു തിരിച്ചറിയുകയാണ് തന്റെ ഭാര്യ തന്നെ ചതിക്കുകയായിരുന്നുവെന്നും കുട്ടികൾപോലും അയാളുടേതല്ല എന്നും. ഭാര്യയെയും കാമുകനെയും കൊലപ്പെടുത്തി അവിടെ നിന്നും രക്ഷപ്പെട്ട്, ഈ ലെവൽ ക്രോസിൽ എത്തുന്നു. അവിടുത്തെ ഗേറ്റ് കീപ്പർ അയാൾക്ക് അഭയം നൽകുന്നു. പിന്നീട് പെട്ടെന്നൊരു ദിവസം ഗേറ്റ് കീപ്പർ മരണപ്പെടുകയും, രഘു അവിടെ ഒറ്റയ്ക്കാവുകയും ചെയ്യുന്നു. തനിക്ക് അഭയം നൽകിയ യഥാർത്ഥ രഘുവിന്റെ വ്യക്തിത്വം താൻ സ്വീകരിക്കുകയായിരുന്നു എന്നും, രഘു ചൈതാലിയെ ബോധ്യപ്പെടുത്തുന്നു. തങ്ങളുടെ ഭൂതകാലങ്ങൾ പങ്കുവെക്കുമ്പോൾ, പരസ്പരമുള്ള ഒറ്റപ്പെടൽ അവരെ കൂടുതൽ അടുപ്പിക്കുന്നു, ചൈതാലി അവനോടൊപ്പം താമസിക്കാൻ തീരുമാനിക്കുന്നു.

ഇതിനിടയിൽ സിഞ്ചോ തന്റെ ഭാര്യയെ തിരക്കിവരുന്നു. ചൈതാലിയെ ചുറ്റിപ്പറ്റിയുള്ള കഥകൾ സിഞ്ചോ രഘുവിനെ അറിയിക്കുന്നു. മനോരോഗ വിദഗ്ധനായ തന്റെ ഭാര്യയായ ശിഖ, മയക്കുമരുന്നിന് അടിമപ്പെടുകയും, മനോരോഗകേന്ദ്രത്തിലെ മേട്രനെ കൊലപ്പെടുത്തി അവരുടെ ചൈതാലി എന്ന പേര് സ്വയം സ്വീകരിക്കുന്നു. ശിഖ അപകടകാരിയായ ഒരു മനോരോഗിയാണെന്നും അവന്റെ ജീവൻ അപകടത്തിലാണെന്നും സിഞ്ചോ രഘുവിന് മുന്നറിയിപ്പ് നൽകുന്നു. പിന്നീട് മൂവർക്കുമിടയിൽ നടക്കുന്ന സംഘർഷത്തിലൂടെയും കൊലപാതകത്തിലൂടെയും കഥ പുരോഗമിക്കുന്നു.

## സിനിമയെ വിലയിരുത്തൽ

ഒരോ മനുഷ്യനിലും നിഗൂഢതയുണ്ട്. നിഗൂഢരായ മൂന്ന് മനുഷ്യരുടെ കഥയാണ് ലെവൽ ക്രോസ്. ഒരു മിഥ്യാ ലോകത്ത് ജോർജ്ജ് എന്ന രഘു നയിക്കുന്ന ജീവിതമാണ് ലെവൽ ക്രോസ്. മനോഹരമായ മരുഭൂമിയുടെ പശ്ചാതലത്തിൽ രണ്ടു മണിക്കൂറിൽ താഴെയുള്ള സമയത്തിനകം കാണാനാവുന്ന വിധത്തിൽ പണിതുവെച്ച ചലച്ചിത്രമാണ് ലെവൽ ക്രോസ്. ഒരു ലെവൽ ക്രോസിലെ ഗേറ്റ്മാനും അയാളുടെ സാഹചര്യങ്ങളുമാണ് പറയുന്നതെങ്കിലും അയാൾ കടന്നുപോകുന്ന വഴികളിലെ ഗേറ്റടവുകളും ട്രെയിൻ വേഗങ്ങളുമെല്ലാം ഇഴചേർത്താണ് സംവിധായകൻ അർഫാസ് അയൂബ് തന്റെ ആദ്യ ചിത്രം ഒരുക്കിയിരിക്കുന്നത്.

മലയാളിക്കു പരിചിതമല്ലാത്ത ഒരു ദേശത്തിന്റെ പശ്ചാത്തലത്തിലാണ് സിനിമ ഒരുക്കിയിരിക്കുന്നത്. വിഭ്രമാത്മകമായ കാഴ്ചകൾ കാണുന്ന രഘുവിന്റേയും ചൈതാലിയുടേയും മനസ്സൊരുക്കാൻ ഇതിനേക്കാൾ നല്ലൊരിടം കണ്ടെത്താനായെന്നു വരില്ല. ലെവൽക്രോസിനു സമീപം ഗേറ്റ്മാൻ താമസിക്കുന്ന ഇടത്തിനകത്തു നടക്കുന്ന സംഭവഗതികളിലൂടെയുള്ള സിനിമ കാഴ്ചക്കാർക്കായി ട്വിസ്റ്റുകളുടെ പരമ്പരയാണ് ഒരുക്കിവെച്ചിരിക്കുന്നത്. നിശ്ശബ്ദമായി കടന്നുപോകുന്നുവെന്ന് തോന്നിപ്പിക്കുമ്പോഴും പലയിടങ്ങളിലായി കാഴ്ചക്കാർക്ക് ട്വിസ്റ്റിന്റെ ഉദ്വേഗജനതയാണ് അനുഭവിക്കാനാവുക.

സംഭാഷണങ്ങളും അവയ്ക്കിടയിലെ നിശ്ശബ്ദതയും കാഴ്ചയുടെ മൂന്നാം കണ്ണിലേക്ക് മരുഭൂമിയിൽ സൃഷ്ടിച്ചെടുത്ത ദൃശ്യങ്ങളുമായി സിനിമയെ ഗൗരവത്തിൽ സമീപിക്കുന്നവരെ തൃപ്തിപ്പെടുത്തുന്നതാണ് ലെവൽ ക്രോസിന്റെ മേക്കിംഗ്. അർഫാസ് അയൂബ് സംവിധാന മികവ് പുലർത്തുന്നുണ്ട്. ആദം അയൂബിന്റെ സംഭാഷണരചന മികച്ചതാണ്. മറ്റു സിനിമകളുമായി താരതമ്യം ചെയ്യുമ്പോൾ ലെവൽ ക്രോസിൽ സംഭാഷണങ്ങൾ വളരെ കുറവാണ്. നിലനിൽക്കുന്ന സംഭാഷണങ്ങളാകട്ടെ തീവ്രമായതാണ്.

## അഭിനയമികവ്

ചിത്രത്തിന്റെ ഏറ്റവും വലിയ മികവ് ആസിഫ് അലിയുടെ അഭിനയമാണ്. സിനിമയിലുടനീളം അദ്ദേഹം ജോർജ്ജ് എന്ന രഘുവായി നിറഞ്ഞു നിൽക്കുന്നു. രഘുവിന്റെ മാനസികാവസ്ഥയും ആത്മസംഘർഷങ്ങളും കൃത്യമായി പ്രേക്ഷകരിലെത്തിക്കാൻ ആസിഫ് അലിക്ക് സാധിച്ചു. കഥാപാത്രത്തിന്റെ ഭൂതകാലവും, ആദ്യഭാഗങ്ങളിലെ ഒറ്റപ്പെടലും, അവസാന ഭാഗങ്ങളിലെ ക്രൂരമായ ഭാവങ്ങളും ആസിഫ് അലിയുടെ പ്രകടനത്തിൽ ഭദ്രമാണ്. ചൈതാലി എന്ന രാഖിയായി അമല പോൾ തന്റെ ഭാഗം മികച്ചതാക്കി. സിഞ്ചോ ഫിലിപ്പായി ഷറഫുദ്ദീനും തന്റെ ഭാഗം ഭംഗിയാക്കി.

## ലെവൽ ക്രോസിലെ മാജിക്കൽ റിയലിസം

ട്യൂണീഷ്യൻ മരുഭൂമിയിൽ നടക്കുന്ന മാജിക്കൽ റിയലിസമാണ് ലെവൽ ക്രോസിൽ കാണാനാവുക. യഥാർത്ഥമായ ഒരു കഥാസാഹചര്യത്തിൽ മായാകഥാപാത്രങ്ങൾ കടന്നുവരുന്ന കലാശാഖയാണ് മാജിക്കൽ റിയലിസം. ഒരു സാങ്കല്പിക ലോകത്ത് സാങ്കല്പിക കഥാപാത്രങ്ങളാൽ നടക്കുന്ന കഥയാണ് ലെവൽ ക്രോസിന്റേത്. ടുണീഷ്യയിലെ സഹാറ മരുഭൂമി എന്ന ലൊക്കേഷൻ സിനിമയുടെ അപൂർവതയും, കഥാപാത്രങ്ങളുടെ മാനസികാവസ്ഥയും ആഴത്തിൽ പ്രകടിപ്പിക്കുന്നു.

ലെവൽ ക്രോസ് മനുഷ്യമനസിന്റെ ആന്തരികതയെ ആഴത്തിൽ ആവിഷ്കരിക്കുന്നു. ഒറ്റപ്പെടൽ, മാനസിക മുറിവുകൾ, യാഥാർത്ഥ്യവും ഭ്രമവും തമ്മിലുള്ള അതിർത്തികൾ എന്നീ വിഷയങ്ങൾ സിനിമ വളരെ വിദഗ്ധമായി കൈകാര്യം ചെയ്യുന്നു. രഘുവിന്റെ ചില പെരുമാറ്റങ്ങൾ അവന്റെ മാനസിക നില ചോദ്യം ചെയ്യുന്നതുപോലെയാണ്. രഘു കാണുകയും സംസാരിക്കുകയും ചെയ്യുന്ന സിഗ്നൽ എന്ന കഴുതയുടെ സാന്നിധ്യം ഭ്രമമാണ്. രഘു ആവർത്തിച്ചു കൊണ്ടു കഴുതയോട് സംസാരിക്കുന്നുണ്ട്. എന്നാൽ, കഴുതയെ മറ്റാരും കാണുന്നില്ല എന്നതാണ് പ്രത്യേകത. ഇത് രഘുവിന്റെ മാനസിക അവസ്ഥയും ഒറ്റപ്പെട്ട ജീവിതശൈലിയുമാണ് സൂചിപ്പിക്കുന്നത്. രഘുവിന്റെ പഴകിയ യൂണിഫോം അവന്റെ ജീവിതത്തിലെ മാറ്റമില്ലായ്മ പ്രതിഫലിപ്പിക്കുന്നു.

 ISSN No: 3049-0316


**സിനിമയിലെ സിംബോളിസം.**

സിനിമയിലെ കാഴ്ചകൾ ഡീപ് സിംബോളിസത്തിന്റെയും ഉപമകളുടെയും മികച്ച ഉദാഹരണങ്ങളാണ്. കിണറിനടുത്തുള്ള ചുവരിൽ കാണുന്ന മെഡലുകൾ രഘുവിന്റെ അജ്ഞാതമായ ഭൂതകാലത്തെ സൂചിപ്പിക്കുന്നവയാണ്. ചൈതാലിയെയും സിഞ്ചോയെയും കൊലപ്പെടുത്തിയ ശേഷം രഘു തന്റെ ഷർട്ടിന്റെ പോക്കറ്റിൽ രണ്ട് മെഡലുകൾ അണിയുന്നുണ്ട്. ഈ മെഡലുകൾ അയാൾ നടത്തിയ കൊലപാതകങ്ങളെ സൂചിപ്പിക്കുന്നു. ആ നാട്ടിലെ എല്ലാ ജനങ്ങളെയും നാട്ടിലെത്തിയ ഒരു ഭൂതം ഇല്ലാതാക്കിയെന്നും അതിനുശേഷമാണ് ഈ ഗ്രാമം അജ്ഞാതമായതെന്നും രഘു ചൈതാലിയോട് പറയുന്ന രംഗത്തിലാണ് കിണറിനടുത്തുള്ള ചുവരിൽ മെഡലുകൾ കാണിക്കുന്നത്. ഒരുപക്ഷേ ആ നാട്ടിലുള്ള ഏവരെയും കൊലപ്പെടുത്തിയ ഭൂതം രഘു ആയിരിക്കാം എന്ന സൂചന ഈ മെഡലുകൾ നൽകുന്നു.

ചിത്രത്തിൽ പ്രധാനപ്പെട്ട പ്രതീകാത്മകസാന്നിധ്യമാണ് സിഗ്നൽ എന്ന കഴുത. കഥയിലെ പ്രധാന കഥാപാത്രമായ രഘുവിന്റെ മനോഭാവവും ചിത്രത്തിന്റെ ആഴത്തിലുള്ള ആശയങ്ങളും ഇതിലൂടെ പ്രകടിപ്പിക്കുന്നു. ലെവൽ ക്രോസ് എന്ന സിനിമയിലെ കഴുത സാധാരണ വസ്തുവല്ല, നായകന്റെ ആന്തരിക സംഘർഷങ്ങൾക്കും യാഥാർഥ്യവും ഭ്രമാവസ്ഥയും തമ്മിലുള്ള അതിർത്തികളെയും ഉണർത്തുന്ന ഒരു ശക്തമായ പ്രതീകമാണ്.

രഘു സേവനമനുഷ്ഠിക്കുന്ന ലെവൽ ക്രോസിംഗ് കാലത്തെയും യാഥാർത്ഥ്യത്തെയും ഭ്രമത്തെയും തമ്മിൽ വിഭജിക്കുന്ന അതിരായി ഉപയോഗിക്കുന്നു. മിനിമലിസ്റ്റിക് പ്രൊഡക്ഷൻ ഡിസൈൻ ഒറ്റപ്പെടലിനെ ഊട്ടിയുറപ്പിക്കുന്നു. വിജനമായ ഒരു ഭൂപ്രകൃതിയിൽ, രഘുവിന്റെ ജീവിതത്തിലെ ചുവന്ന വസ്ത്രം ധരിച്ച പെൺകുട്ടിയുടെ വരവ്, പൂക്കലിന്റെയും വസന്തത്തിന്റെയും ഒരു വികാരത്തെ അവതരിപ്പിക്കുന്നു. എന്നിരുന്നാലും, ആവശ്യം, അത്യാഗ്രഹം, അരക്ഷിതാവസ്ഥ, അതിജീവന സഹജാവബോധം തുടങ്ങിയ മനുഷ്യപ്രകൃതിയുടെ ഇരുണ്ട വശങ്ങളാൽ മൂടപ്പെട്ട ബന്ധങ്ങളുടെ ക്ഷണികമായ സ്വഭാവത്തെയും ഇത് പ്രതീകപ്പെടുത്തുന്നു.

**ലെവൽ ക്രോസിലെ റാഷോമോൺ ഇഫക്റ്റ്**

റാഷോമോൺ ഇഫക്ട് എന്നത് ഒരേ സംഭവത്തെക്കുറിച്ച് ഒന്നിലധികം ആളുകൾ വ്യത്യസ്ത രീതിയിൽ അല്ലെങ്കിൽ പരസ്പരം വിരുദ്ധമായ രീതിയിൽ ഓർക്കുകയും പറയുകയും ചെയ്യുന്ന ഒരു പ്രതിഭാസമാണ്. 'അകിര കുറോസാവയുടെ' 'റാഷോമോൺ' എന്ന സിനിമയിൽ നിന്നാണ് ഈ പേര് ലഭിച്ചത്. ഓരോ സാക്ഷിയും താൻ കണ്ട കാര്യങ്ങൾ അവരവരുടെ കാഴ്ചപ്പാടുകൾക്കനുസരിച്ച് മാറ്റിയെഴുതുന്നതുപോലെ തോന്നും. ഇത് സത്യം എത്ര ആപേക്ഷികമാണെന്നും, ഓരോരുത്തരുടെയും ഓർമ്മകൾ എങ്ങനെ വ്യക്തിപരമായ പക്ഷപാതങ്ങൾകൊണ്ട് രൂപപ്പെടുന്നു എന്നതും എടുത്തു കാണിക്കുന്നു.

ലെവൽ ക്രോസിൽ, വിവിധ കഥാപാത്രങ്ങൾ സംഭവങ്ങളെ അവരവരുടെ വീക്ഷണകോണുകളിൽ നിന്ന് വിവരിക്കുന്നു, പലപ്പോഴും പരസ്പരം വൈരുദ്ധ്യങ്ങളുണ്ടാക്കുന്നു. എന്ത് സംഭവിച്ചുവെന്ന് ഊഹിക്കാൻ ഇത് പ്രേക്ഷകരെ പ്രേരിപ്പിക്കുന്നു. ചതി, വഴക്കുകൾ, പ്രേരണകൾ തുടങ്ങിയ നിർണായക സംഭവങ്ങളെക്കുറിച്ചുള്ള വ്യത്യസ്ത വിശദീകരണങ്ങൾ സിനിമ അവതരിപ്പിക്കുന്നു, ആരാണ് സത്യം പറയുന്നതെന്ന് പ്രേക്ഷകരിൽ സംശയം ഉളവാക്കുന്നു.

ലെവൽ ക്രോസിൽ റാഷോമോൺ മാതൃകയിൽ, വ്യക്തമായ നായകനോ പ്രതിനായകനോ ഇല്ല. ഓരോ കഥാപാത്രത്തിനും അവരുടെ പ്രവർത്തനങ്ങൾക്ക് ന്യായീകരണങ്ങളുണ്ട്, അവരുടെ കഥകൾ അവരുടെ മുൻവിധികളെയും സ്വാർത്ഥതാൽപ്പര്യങ്ങളെയും പ്രതിഫലിപ്പിക്കുന്നു. ഒരേ സംഭവത്തിന്റെ വ്യത്യസ്ത പതിപ്പുകൾ കാണിക്കാൻ സിനിമ ഫ്ലാഷ്ബാക്കുകൾ ഉപയോഗിക്കുന്നു. ആരാണ് വിവരിക്കുന്നത് എന്നതിനെ ആശ്രയിച്ച്, ചില സംഭവങ്ങളുടെ ചിത്രീകരണം മാറുന്നു, ഇത് പ്രേക്ഷകരുടെ കാഴ്ചപ്പാടിനെ സ്വാധീനിക്കുന്നു.

ലെവൽ ക്രോസിൽ റാഷോമോൺ ഇഫക്റ്റ് പ്രവർത്തിക്കുന്നത് കഥയ്ക്ക് ഒരു നിഗൂഢത നൽകുന്നു. ഇത് കഥാപാത്രങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കുന്നു, ഈ രീതി സിനിമയുടെ സസ്പെൻസ് വർദ്ധിപ്പിക്കുന്നു, എന്താണ് യഥാർത്ഥമെന്നും എന്താണ് സത്യത്തിന്റെ കൃത്രിമമായ പതിപ്പെന്നും ചോദ്യം ചെയ്യാൻ പ്രേക്ഷകരെ നിർബന്ധിതരാക്കുന്നു.

## കഥയ്ക്കപ്പുറം കാഴ്ച കൂടിയാണ് സിനിമ

അപ്പു പ്രഭാകറാണ് ചിത്രത്തിന്റെ ഛായാഗ്രഹണം നിർവഹിച്ചിരിക്കുന്നത്. സമതുലിതമായ ഫ്രെയിമുകളും സ്റ്റാറ്റിക് ഷോട്ടുകളുമാണ് സിനിമയുടെ മേന്മ. സ്റ്റാറ്റിക് ഷോട്ടുകളും ക്യാമറ മൂവ്മെൻസും മാനസികാവസ്ഥയുടെ തകർച്ചയെ പ്രതിഫലിപ്പിക്കുന്നു. ഒറ്റപ്പെടലിന്റെ, തിരിച്ചറിയലിന്റെ, യാഥാർത്ഥ്യവും ഭ്രമവും തമ്മിലുള്ള അതിരുകളുടെ ആശയവ്യത്യാസം ചിത്രീകരിക്കുന്നതിൽ സിനിമാറ്റോഗ്രാഫി പൂർണ്ണമായും വിജയിച്ചിട്ടുണ്ട്. മരുഭൂമിയിലെ യഥാർത്ഥ പ്രകാശത്തിൽ ചിത്രീകരിച്ചിരിക്കുന്നതിനാൽ നിഴലുകളിലൂടെ കഥാപാത്രങ്ങളുടെ ആന്തരിക സംഘർഷം അവതരിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. സിനിമയുടെ മനോഹാരിത പോലെ വിനായക് ശശികുമാറിന്റെ നല്ല വരികളിലെഴുതിയ ഗാനങ്ങളും, ദീപു ജോസഫിന്റെ എഡിറ്റിംഗും അർഫാസിന്റെ കാഴ്ചസ്വപ്നങ്ങളെ പിന്തുണയ്ക്കുന്നുണ്ട്.

ചിത്രത്തിന്റെ ശബ്ദരൂപകൽപ്പന ജയദേവൻ ചക്കടാത്ത് നിർവ്വഹിച്ചിരിക്കുന്നു. വിശാൽ ചന്ദ്രശേഖരാണ് സിനിമയുടെ സംഗീതസംവിധായകൻ. സിനിമയിൽ പശ്ചാത്തല സംഗീതം കഥയുടെ ഗൗരവവും ഗൂഢത്വവും ഉയർത്തുന്നതിൽ വലിയ പങ്ക് വഹിക്കുന്നു. പ്രേക്ഷകരെ സിനിമയുടെ മാനസിക ലോകത്തേക്ക് ആകർഷിക്കാൻ ഈ സംഗീതം അത്യന്തം പ്രധാനമാണ്.

## ലെവൽ ക്രോസിലെ സാമൂഹിക പ്രസക്തി

ലെവൽ ക്രോസ് എന്ന ചിത്രം, അതിന്റെ കഥയും കഥാപാത്രങ്ങളും മുഖേന, സമൂഹത്തിലെ വ്യത്യാസങ്ങൾ, ഒറ്റപ്പെടൽ, മനസ്സാക്ഷി എന്നിവയെക്കുറിച്ചുള്ള ചർച്ചകൾക്ക് പ്രേരണ നൽകുന്നു, ഇത് ചിത്രത്തിന്റെ സാമൂഹികപ്രസക്തിയെ ഉയർത്തിപ്പിടിക്കുന്നു. രഘു എന്ന റെയിൽവേ ഗേറ്റ് കീപ്പറും ചൈതാലി എന്ന യുവതിയും തമ്മിലുള്ള കൂടിക്കാഴ്ച മുഖേന, സമൂഹത്തിലെ വ്യത്യസ്ത സാമൂഹിക പശ്ചാത്തലങ്ങളിൽ നിന്നുള്ള വ്യക്തികളുടെ ജീവിതങ്ങൾ തമ്മിലുള്ള ബന്ധവും അവയുടെ സമാനതകളും പരിശോധിക്കുന്നു. സമൂഹത്തിലെ വ്യത്യാസങ്ങൾക്കപ്പുറം, മനുഷ്യരുടെ അനുഭവങ്ങളും വികാരങ്ങളും എങ്ങനെ സമാനമാണെന്ന് ചിത്രം വ്യക്തമാക്കുന്നു.

മരുഭൂമിയിലെ ശൂന്യതയും വിശാലതയും കഥാപാത്രങ്ങളുടെ ഒറ്റപ്പെടലും ആന്തരിക സംഘർഷങ്ങളും പ്രതിഫലിപ്പിക്കുന്നു. ഇത് സമൂഹത്തിൽ വ്യക്തികൾ അനുഭവിക്കുന്ന ഒറ്റപ്പെടലിനെയും മാനസിക സംഘർഷങ്ങളെയും പ്രതിനിധീകരിക്കുന്നു. ചിത്രം സത്യവും ഭ്രമവും തമ്മിലുള്ള അതിരുകളിലൂടെയാണ് സഞ്ചരിക്കുന്നത്, വ്യക്തികളുടെ മനസ്സാക്ഷി എങ്ങനെ പ്രവർത്തിക്കുന്നു എന്നതിനെക്കുറിച്ചുള്ള ചോദ്യങ്ങൾ ഉയർത്തുന്നു. ഇത് സമൂഹത്തിൽ വ്യക്തികളുടെ അനുഭവങ്ങളും അവബോധങ്ങളും എങ്ങനെ വ്യത്യാസപ്പെടുന്നു എന്നതിനെക്കുറിച്ചുള്ള ചർച്ചകൾക്ക് വഴിയൊരുക്കുന്നു.

## ഗ്രന്ഥസൂചി

1. "ലെവൽ ക്രോസ്." അർഫാസ് അയൂബ് സംവിധാനം, [അഭിഷേക് ഫിലിംസ്], 2024.
2. Elsaesser, Thomas, and Malte Hagener. Film Theory: An Introduction Through the Senses. 2nd ed., Routledge, 2015
3. "Level Cross Movie Review." The Times of India, 24 Feb. 2024, timesofindia.indiatimes.com/entertainment/malayalam/movie-reviews/level-cross/movie-review/112046718.cms.
4. "What Is the Rashomon Effect? Definition & Examples." StudioBinder, www.studiobinder.com/blog/what-is-the-rashomon-effect-definition/. Accessed 26 Feb. 2025.